# കേരളീയം

## കേരളീയം - ഒന്നാം പിറന്നാൾ

## വായനക്കാർക്കു മുമ്പിൽ

കഴിഞ്ഞമാസം കേരളീയത്തിന്റെ വായനക്കാരുടെ ഒരു യോഗവും കേരളീയത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പത്രപ്രവർത്തന പരിശീലന ക്യാമ്പും സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടികളിൽവച്ച് കേരളീയത്തിന്റെ രൂപം, ഭാവം, അവതരണം, ഉള്ളടക്കം, നിലനില്പ്, വികസനം തുടങ്ങിയ കാര്യങ്ങളെല്ലാം വായനക്കാരുമായും അഭ്യുദയാകാംക്ഷികളുമായും ചേർന്ന് ചർച്ച ചെയ്യുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ കേരളീയത്തിന്റെ പ്രവർത്തനസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

1. ഒന്നു - രണ്ടുമാസത്തിനകം കേരളീയം സ്വന്തമായി ഒരു ഡി.ടി.പി. യൂണിറ്റ് വാങ്ങുക.
2. ഡി.ടി.പി. യൂണിറ്റ് സ്വന്തമായാൽ ഉടനെതന്നെ കേരളീയം ദ്വൈവാരികയാക്കി ഇറക്കുക.
3. ദ്വൈവാരികയാവുന്നതോടെ വാർത്താ സ്വഭാവമുള്ളതും വിശകലന സ്വഭാവമുള്ളതുമായ കുറിപ്പുകൾക്ക് മുൻതൂക്കം നല്കിക്കൊണ്ട് കേരളീയത്തെ കൂടുതൽ ആകർഷകമാക്കുക.
4. കേരളീയം കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവരിൽനിന്നും സ്ഥിരം ലേഖനസഹായം ലഭിക്കത്തക്കവിധത്തിൽ ഒരു സുസ്ഥിര സംവിധാനമുണ്ടാക്കുക.
5. ബാലകേരളീയം ഒരു വേറെ പ്രസിദ്ധീകരണമായി തുടങ്ങാനുള്ള നീക്കം തൽക്കാലം ഒരാറുമാസം അപ്പുറത്തേക്ക് മാറ്റിവയ്ക്കുക, ആ സമയത്ത് കേരളത്തിലെ 'ബാലകേരളീയം' എന്ന പേജ് കൂടുതൽ സമ്പുഷ്ടമാക്കുക.
6. ഈ ജനുവരിമാസം വരിക്കാരെ ചേർക്കാനുള്ള പ്രത്യേക സമയമായി പരിഗണിച്ച് അതിനുള്ള ശ്രമങ്ങളിലേർപ്പെടുക.
7. കേരളീയത്തെ ഇഷ്ടപ്പെടുന്ന ഓരോ വായനക്കാരും മൂന്നു പുതിയ വരിക്കാരെ വീതം കണ്ടെത്തി വരിക്കാരാക്കാൻ തയ്യാറാവുക.
8. കേരളീയത്തെയും അതിന്റെ പ്രവർത്തകരെയും വിശ്വസിക്കുന്നവരിൽനിന്നും പലിശരഹിത വായ്പകൾ സ്വരൂപിച്ച് ഒരു ഫണ്ട് 'വികസന നിധി' ഉണ്ടാക്കുക.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം വായനക്കാരുടെ സഹായത്തോടെ നടപ്പാക്കാനുള്ളതാണ്. ഏറ്റവും ചെറിയ ഒരു സഹായമാണെങ്കിൽകൂടി പല ദിക്കിൽനിന്നും പലരായി ഒരേസമയത്ത് ചെയ്യുമ്പോൾ അതിന് വലിയ ചലനമുണ്ടാക്കാൻ കഴിയും. നിങ്ങളുടെ ഭാഗത്തുനിന്നും ഒരു ചെറിയ സഹായം ഞങ്ങൾ പ്രതീക്ഷിക്കട്ടെ.

## നിങ്ങൾക്കു ചെയ്യാനാവുന്ന ചില കാര്യങ്ങൾ

1. നിങ്ങൾ ഇതുവരെയും ഒരു സ്ഥിരവരിക്കാരനായിട്ടില്ലെങ്കിൽ ഒരു സ്ഥിരവരിക്കാരനാവുക. 70 രൂപ എം.ഒ. അയയ്ക്കുക.
2. മൂന്നു പുതിയ വരിക്കാരെ കണ്ടെത്തി വരിസംഖ്യ ശേഖരിച്ച് അയച്ചുതരിക.
3. ഓരോ തവണയും അഞ്ച് ഒറ്റക്കോപ്പികളെങ്കിലും വിറ്റ് പണമയച്ചുതരാൻ ശ്രമിച്ചുനോക്കുക.
4. കഴിയുമെങ്കിൽ ഒരു അഞ്ഞൂറുരൂപ അഞ്ചുവർഷത്തേക്ക് പലിശയില്ലാത്ത വായ്പയായി കേരളീയത്തിനു നല്കുക, നല്കാൻ പ്രേരിപ്പിക്കുക.
5. കേരളീയം പോലൊരു പ്രസിദ്ധീകരണത്തോട് താത്പര്യം തോന്നാൻ സാധ്യതയുള്ള നാലഞ്ചുപേരുടെ വിലാസങ്ങൾ അയച്ചുതരിക.

കത്തിലൂടെയോ ഫോണിലൂടെയോ ഇടയ്ക്കെങ്കിലും സൗഹൃദവും പ്രതികരണവുമറിയിക്കുക. വിലാസം: കേരളീയം, തൃശൂർ - 4, ഫോൺ: 0487-382638, 98460-75676.

---


കൺസൾട്ടന്റ് എഡിറ്റർ: കെ. രാജഗോപാൽ

| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | : | ശ്രീദേവി |
| എഡിറ്റർ | : | സുധിർകുമാർ |
| സബ് എഡിറ്റർ | : | പ്രമോദ്. കെ.എസ്. |
| എഡിറ്റോറിയൽ- അസിസ്റ്റൻഡ് | : | പ്രബീഷ്. പി, നാസിമുദ്ദീൻ |
| ലീഗൽ അഡ്വൈസേഴ്സ് | : | അഡ്വ. ആർ. സജു, അഡ്വ. അനിലജോർജ്ജ് |
| സർക്കുലേഷൻ | : | ഗ്രീഷ്മ |
| മാർക്കറ്റിങ്ങ് | : | എൻ. എൻ. മുരളി |
| കോ-ഓർഡിനേറ്റർ | : | റോബിൻ. |
| വിലാസം | : | കേരളീയം, തൃശൂർ-4 |